LIBRARY ARCHIVES Kerala Legislative Assembly

## പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി

44 [855] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ സഹായം ലഭിക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിർത്തൽ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

### ഉത്തരം

(എ) ഈ പദ്ധതി കേന്ദ്ര സർക്കാരാണ് നടപ്പാക്കി വരുന്നത്. അതിനാൽ അതിലെ വ്യവസ്ഥകളെ സംബന്ധിച്ച് ഈ സർക്കാരിന് അറിവില്ല.

(ബി ആന്റ് സി) ഈ പദ്ധതി നിർത്തൽ ചെയ്തതായി അറിവില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ചികിത്സാ സഹായം

45 [856] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്:

,, ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം അനുവദിച്ച് ഉത്തരവ് ഒരു വർഷം കഴിഞ്ഞും അനുവദിച്ച തുക ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സയിലിരിക്കുന്ന രോഗികൾക്ക് നിധിയിൽനിന്ന് അനുവദിച്ച തുക ലഭിക്കാതെ നിരവധി രോഗികൾ മരിച്ചിട്ടുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം സർക്കാർ ഉത്തരവ് ലഭിച്ചിട്ടും തുക നൽകാൻ കഴിയാത്ത എത്ര കേസുകൾ പത്തനംതിട്ട ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഉത്തരവ് ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പണം ലഭിക്കാത്ത എത്ര കേസുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഇ) അനുവദിച്ച തുക അടിയന്തിരമായി ലഭ്യമാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

'പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ'

46 [857] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടവമാസത്തിലെ അതിവർഷവും കൊടുങ്കാറ്റുംമൂലം സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് അപകടം സംഭവിച്ചു;

(ബി) പൂർണ്ണമായും, ഭാഗികമായും തകർന്ന ഭവനങ്ങൾ ഓരോ വിഭാഗത്തിലും എത്ര വീതം;

(സി) സംസ്ഥാനത്ത് കൃഷിനാശം മൂലം എന്ത് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നഷ്ടം സംഭവിച്ചവർക്ക് ഗവൺമെന്റ് ഇതിനകം എന്ത് ആശ്വാസ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-6-2004 വരെ ലഭ്യമായ കണക്കനുസരിച്ച് 88 പേർക്ക് ജീവഹാനി സംഭവിക്കുകയും, 13 പേരെ കാണാതാകുകയും, 142 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൂർണ്ണമായി തകർന്നത് - 1007

ഭാഗികമായി തകർന്നത് - 14443

(സി) ഇപ്പോഴുണ്ടായ കാലവർഷക്കെടുതി മൂലം ഇതുവരെ 19680 ഹെക്ടറിലെ കൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ട്. ഇതുമൂലം 177.45 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും, മാനദണ്ഡമനുസരിച്ച് ധനസഹായം അർഹരായവർക്ക് വിതരണം ചെയ്യുകയും, കൃഷിനാശം സംഭവിച്ചവർക്ക് കൃഷിഭവൻ മുഖേന ധനസഹായം വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

പാത്രക്കടവ് പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം

47 [858] ശ്രീ. എം. മുരളി:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, കെ. അച്ചുതൻ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാത്രക്കടവ് പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly